• കത്തുകൾ




# കൗൺസലിംഗ് സെന്ററുകൾ സ്ഥാപിക്കണം

**2006** ഡിസംബറിൽ ജമാഅത്തെ ഇസ്‌ലാമി കുടുംബഭദ്രതയെക്കുറിച്ച് ദേശീയതലത്തിൽ കാമ്പയിൻ നടത്തുകയുണ്ടായല്ലോ. അതുമായി ബന്ധപ്പെട്ട ലേഖനങ്ങളും പ്രഭാഷണങ്ങളും ശ്രദ്ധയിൽ പെടുകയുണ്ടായി.

അർബുദം കണക്കെ ആധുനിക മനുഷ്യനെ ആഗോളീകരണവും മുതലാളിത്തവും സാമ്രാജ്യത്വവും കീഴടക്കിക്കൊണ്ടിരിക്കുകയാണ്. ഈ അർബുദം രാഷ്ട്രങ്ങളെയും സമൂഹങ്ങളെയും കുടുംബങ്ങളെയും എന്തിനേറെ വ്യക്തിബന്ധങ്ങളെപ്പോലും ആക്രമിച്ച് നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഭയാനകമായ ഈ അവസ്ഥയെ എങ്ങനെ നേരിടണമെന്നറിയാതെ ആത്മാർഥതയും സത്യസന്ധതയുമുള്ള ഭരണകൂടങ്ങളും പ്രസ്ഥാനങ്ങളും വരെ ആശയക്കുഴപ്പത്തിലാണ്. പല വിപ്ലവ പ്രസ്ഥാനങ്ങളും പുരോഗമനപ്രസ്ഥാനങ്ങളും ഇതുമായി രാജിയാകാൻ ശ്രമിക്കുന്നതും നാം കാണുന്നു. അപവാദങ്ങളില്ലെന്നല്ല; അഹ്മദി നിജാദിനെയും ഷാവേസിനെയും പോലെ.

ഈ ദുരവസ്ഥയിൽ ജമാഅത്തെ ഇസ്‌ലാമി നടത്തിയ കാമ്പയിൻ എന്തുകൊണ്ടും അനിവാര്യമായ ഒരു പ്രവർത്തനമാണ്. കുടുംബബന്ധങ്ങൾക്കും വ്യക്തിബന്ധങ്ങൾക്കും ഇസ്‌ലാമിൽ സൈദ്ധാന്തികമായ ചില അടിത്തറകളുണ്ട്. പക്ഷേ, സാധാരണക്കാരെ സംബന്ധിച്ചേടത്തോളം പ്രത്യയശാസ്ത്രപരവും സൈദ്ധാന്തികവുമായ ചർച്ചകൾക്കപ്പുറത്ത്, ഇത്തരം വിഷയങ്ങളെ പ്രായോഗിക ജീവിതവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുക എന്നതാണ് പ്രധാനം.

വിദ്യാസമ്പന്നരായ നമ്മുടെ സമൂഹത്തിൽ മറ്റെങ്ങുമില്ലാത്തവണ്ണം കുടുംബശൈഥില്യം വർധിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലെ ഇസ്‌ലാമികേതര സമൂഹങ്ങളിൽ ഈ പ്രവണതക്കെതിരെ പഠനങ്ങളും ചർച്ചകളും പരിഹാര ശ്രമങ്ങളും നടന്നുവരുന്നുണ്ട്. പക്ഷേ, കേരള മുസ്‌ലിം നേതൃത്വം ഇപ്പോഴും സ്ത്രീധനം ശരിയോ തെറ്റോ തുടങ്ങിയ നാണംകെട്ട ചർച്ചകളിൽ അഭിരമിച്ചുകൊണ്ടിരിക്കുകയാണ്.

കുടുംബശൈഥില്യം വിവാഹാലോചനകൾ തൊട്ടേ ആരംഭിക്കുകയാണ്. ദുരഭിമാനം, സ്ത്രീധനം, ആർഭാടം, ബന്ധുജനങ്ങളുടെ അനാവശ്യ ഇടപെടലിലൂടെയുണ്ടാവുന്ന ആർഭാടങ്ങൾ തുടങ്ങിയ പല ദുഷ്പ്രവണതകളും കുടുംബശൈഥില്യത്തിന് തുടക്കം കുറിക്കുന്ന വിഷവിത്തുകളാണ്. വിദ്യാഭ്യാസത്തിന് അമിതപ്രാധാന്യം നൽകുന്നതു മൂലം നമ്മുടെ പെൺകുട്ടികളിൽ അധികവും 24 വയസ്സും ആൺകുട്ടികൾ 29 വയസ്സും ഒക്കെ ആകുമ്പോഴാണ് വിവാഹിതരാവുന്നത്. മുമ്പ് ഇത് യഥാക്രമം 17-ഉം 20-ഉം ഒക്കെ ആയിരുന്നു. ചെറുപ്പകാലത്ത്, പെരുമാറ്റരീതികളും ശീലങ്ങളും സ്വഭാവ സവിശേഷതകളും ജീവിതനിലവാരം പോലും താൻ പറിച്ചുനടപ്പെടുന്ന കുടുംബത്തിനും ചുറ്റുപാടിനും അനുസൃതമായി മാറ്റിയെടുക്കാൻ താരതമ്യേന എളുപ്പമാണ്. പക്ഷേ, 24-ഉം 29-ഉം വയസ്സാകുമ്പോൾ ഈ സവിശേഷതകൾ സ്ഥായീഭാവം നേടിക്കഴിഞ്ഞിരിക്കും. അതുകൊണ്ട് പലപ്പോഴും നമ്മുടെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തങ്ങൾ വിവാഹിതരായ കുടുംബങ്ങളും ബന്ധുക്കളുമൊത്ത് സഹവസിക്കാനും പൊരുത്തപ്പെട്ടുപോകാനും വലിയ വിഷമങ്ങൾ അനുഭവപ്പെടുന്നു. ഈ സംഘർഷങ്ങൾ വൈകാരികതലത്തിലേക്ക് വളരുമ്പോൾ കുടുംബബന്ധങ്ങളുടെ ശൈഥില്യത്തിലാണ് അത് കലാശിക്കുക.

ഇത്തരം സംഘർഷങ്ങളെ അതിജീവിക്കാനും മറികടക്കാനും യുവതലമുറക്ക് മാർഗദർശനവും പ്രായോഗിക സമീപനവും പകർന്നുനൽകാൻ പര്യാപ്തമായ സ്ഥാപനങ്ങൾ (കൗൺസലിംഗ് സെന്ററുകൾ പോലുള്ളവ) വിവാഹാലോചനയുടെ ഘട്ടത്തിലും വിവാഹാനന്തര ജീവിതത്തിലും അത്യന്താപേക്ഷിതമാണ്. അത്തരം പ്രായോഗിക പദ്ധതികൾ സഹോദര സമുദായങ്ങളിൽ കാണാം.

കേരള മുസ്‌ലിം നേതൃത്വം ഈ പ്രശ്നങ്ങളെക്കുറിച്ച് വേണ്ടത്ര ബോധവാന്മാരല്ല. ഇത്തരം കൗൺസലിംഗിന് തുടക്കം കുറിക്കാൻ അല്ലാഹുവിന്റെ റസൂൽ പഠിപ്പിച്ചുതന്ന ഒരു രീതിയുണ്ടല്ലോ- നികാഹ് ഖുത്ബ. അതുപോലും മനസ്സിലാകാത്ത ഭാഷയിൽ നടത്തണം എന്ന് വാശിപിടിക്കുന്നവരെക്കുറിച്ച് സഹതപിക്കുകയല്ലാതെ എന്തു ചെയ്യാൻ!

**അബൂ സഊദ്**
**കലൂർ, കൊച്ചി**

## ഇനിയും തുടങ്ങിയിട്ടില്ലാത്ത ചരിത്രരചന

**'ഇസ്‌ലാമികപ്രസ്ഥാനത്തിന്റെ** ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന സമഗ്രമായ ഒരു ഗ്രന്ഥം എത്രയും വേഗം തയാറാവണം. ആ ദൗത്യമേറ്റെടുക്കാൻ പുതിയ തലമുറയിലെ സാഹസികരായ ആരെങ്കിലും മുന്നോട്ടുവരേണ്ടതുണ്ട്'- പ്രഫ. കെ.എ സിദ്ദീഖ് ഹസൻ സാഹിബിന്റെ ആഗ്രഹം (ലക്കം 26), കേരളത്തിലെ മുഴുവൻ പ്രസ്ഥാനബന്ധുക്കളുടെയും ഹൃദയവികാരം സഫലമാക്കാൻ ആര് മുന്നോട്ടുവരും?

ഹാജിസാഹിബ് മുതൽ അബുൽ ജലാൽ മൗലവി വരെ നീണ്ടുനിൽക്കുന്ന പഴയ തലമുറയിലെ കരുത്തരായ നേതാക്കളിൽ ആരുടെയും ചരിത്രം സമഗ്രമായി രേഖപ്പെടുത്തിയിട്ടില്ല. 'ഹാജി സാഹിബും' 'ഇസ്സുദ്ദീൻ മൗലവി'യും അപവാദമായി പറയാമെങ്കിലും അവരെക്കുറിച്ച രചനകൾ വേണ്ടപോലെ ആയില്ലെന്ന് ആ മഹാരഥന്മാരെക്കുറിച്ച് കേട്ടവർക്ക് പോലുമറിയാം.

പ്രസ്ഥാനത്തിന്റെ തുടക്കം മുതൽ നേതൃതലത്തിൽ ഉണ്ടായിരുന്നവരും അതിന്റെ സ്പന്ദനങ്ങൾ ഒപ്പിയെടുത്തവരുമായ ചിലരെങ്കിലും ഇനിയും നമ്മോടൊപ്പം ജീവിച്ചിരിപ്പുണ്ട്. അവശേഷിക്കുന്ന വൻമരങ്ങൾ കടപുഴകുംമുമ്പേ, പ്രസ്ഥാനത്തിന്റെ വേരുകൾ തേടി ആരെങ്കിലും ഇറങ്ങിത്തിരിക്കേണ്ടതുണ്ട്. ഇനിയും വൈകിയാൽ അത് തീരാനഷ്ടവും തിരുത്താനാവാത്ത അബദ്ധവും പുതിയ തലമുറയോട് ചെയ്യുന്ന കടുത്ത അനീതിയുമായിരിക്കുമെന്ന് ബന്ധപ്പെട്ടവർ മനസ്സിലാക്കിയേ തീരൂ.

**അബ്ദുർറഹ്മാൻ എടച്ചേരി**

# സാധാരണക്കാരുമായി അടുത്ത ബന്ധം

**കെ.എൻ അബ്ദുല്ല** മൗലവിയെ അനുസ്മരിച്ചുകൊണ്ടുള്ള ലേഖനങ്ങൾ(ലക്കം 26) വായിച്ചപ്പോൾ ഒരു മകൻ എന്ന നിലക്ക് ഉപ്പയുമായി ബന്ധപ്പെട്ട ചില ഓർമകൾ പങ്കുവെക്കുന്നത് പ്രസ്ഥാനപ്രവർത്തകർക്ക് പ്രയോജനപ്പെടുമെന്ന് തോന്നി.

സാധാരണക്കാരുമായി ഇടപഴകി അവരുടെ പ്രശ്നങ്ങളും പ്രയാസങ്ങളും മനസ്സിലാക്കി പ്രവർത്തിക്കുമ്പോഴാണ് ഇസ്‌ലാമിക പ്രസ്ഥാനം ജനകീയമായിത്തീരുക. ഇക്കാര്യത്തിൽ ഉപ്പയുടെ രീതി മാതൃകാപരമായിരുന്നു. കർഷകരുമായും കൂലിവേലക്കാരുമായുമൊക്കെയാണ് ഏറ്റവും കൂടുതൽ അടുപ്പം. അവരെ പരമാവധി സഹായിക്കാനും ശ്രദ്ധിച്ചിരുന്നു. ഉപ്പയുടെ മരണശേഷം പാവങ്ങളായ പലരും ഞങ്ങളുടെ അടുത്ത് വന്ന്, കെ.എന്നിന്റെ വിയോഗം നിങ്ങളേക്കാൾ കൂടുതൽ ഞങ്ങളെയാണ് അനാഥരാക്കിയത് എന്ന് മനസ്സിൽതട്ടി പറയുകയുണ്ടായി. സന്ദിഗ്ധഘട്ടങ്ങളിൽ അവർക്ക് ലഭിച്ച ഉപകാരങ്ങളും അവർ എടുത്തുപറഞ്ഞു. ഇടതുകൈ അറിയാതെ സഹായിക്കുക എന്നതായിരുന്നു ദാനധർമങ്ങളിൽ സ്വീകരിച്ച രീതി. കുട്ടിയായിരിക്കെ ഉപ്പയുമൊത്ത് തറാവീഹ് നമസ്കാരത്തിന് പള്ളിയിൽ പോവുമ്പോൾ പാവപ്പെട്ടവരുടെ വീടുകളിൽ എത്തിക്കാനായി പൈസ തന്ന് ഏൽപിക്കുമായിരുന്നു. സുഹൃത്തുക്കളിൽനിന്ന് ലഭിക്കാറുണ്ടായിരുന്ന വിലപിടിപ്പുള്ള പാരിതോഷികങ്ങൾ പാവങ്ങൾക്ക് നൽകാറാണ് പതിവ്. ഉപ്പയുടെ ഇത്തരം ഇടപെടലുകളും ഇഴുകിച്ചേരലുകളും കാരണമായിരിക്കാം ജാതി, മത, രാഷ്ട്രീയ ഭേദമന്യേ നാട്ടുകാരെല്ലാവരും ഉപ്പയുടെ അഭിപ്രായങ്ങളെ മാനിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. മഹല്ലിലും മറ്റും ഉണ്ടാവാറുള്ള പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിന് ഇത് ഏറെ സഹായകമായിട്ടുണ്ട്.

വായനയിൽ ഉപ്പ അതീവ താൽപര്യം കാണിച്ചിരുന്നു. അറബി, ഉർദു ഗ്രന്ഥങ്ങളോടായിരുന്നു കൂടുതൽ പ്രിയം. വീട്ടിലുണ്ടായിരിക്കുമ്പോൾ രാത്രി ഏറെ വൈകും വരെ വായിക്കും. *തഫ്ഹീമുൽ ഖുർആന്റെ* ഉർദു മൂലകൃതിയായിരുന്നു സ്ഥിരമായി വായിച്ചുകൊണ്ടിരുന്ന തഫ്സീർ. അത് വായിക്കാൻ ഞങ്ങളെ പ്രേരിപ്പിക്കും. വായനയിൽ താൽപര്യം കാണിക്കാത്തതിൽ ഞങ്ങളെ ശകാരിക്കുകയും ചെയ്തിട്ടുണ്ട്. അവസാനമായി ഉപ്പ ഖത്തർ സന്ദർശിച്ചപ്പോൾ, എന്നെയും കൂടെ ജോലിചെയ്യുന്നവരെയും (എല്ലാവരും ജമാഅത്ത് സ്ഥാപനങ്ങളിൽനിന്ന് പഠിച്ച് പുറത്തിറങ്ങിയവർ) വിളിച്ചുചേർത്ത് വായനയുടെയും വിജ്ഞാന സമ്പാദനത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് ദീർഘമായി സംസാരിച്ചു. മജ്‌ലിസുൽ ഇൽമ് എന്ന വേദിക്കും രൂപം നൽകി. ആ വിജ്ഞാന സദസ്സ് ഇന്നും നിലവിലുണ്ട്.

പുതുതായി പ്രസിദ്ധീകരിക്കപ്പെടുന്ന ഇസ്‌ലാമിക ഗ്രന്ഥങ്ങൾ അപ്പപ്പോൾ വായിക്കുകയും സൂക്ഷിക്കുകയും ചെയ്യുമായിരുന്നു. അത്തരത്തിലുള്ള ഒരു വലിയ ഗ്രന്ഥശേഖരം തന്നെ വീട്ടിലുണ്ട്. *പ്രബോധന*ത്തിന്റെ പഴയകാല കോപ്പികൾ മുഴുവൻ ബൈന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. 1963-ലെ ഒരു *പ്രബോധന*ത്തിൽ 'ഇസ്‌ലാമിക സംസ്കാരം' എന്ന തലക്കെട്ടിൽ ഉപ്പ സാമാന്യം ദീർഘമായ ഒരു ലേഖനം എഴുതിയിരുന്നു.

കുടുംബത്തിലെ എല്ലാവരും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഭാഗമാവണമെന്ന് ഉപ്പ ആഗ്രഹിക്കുകയും അതിനായി ഞങ്ങളെ ഉപദേശിക്കുകയും ചെയ്തിരുന്നു. ഉപ്പ ഉദ്ദേശിച്ച നിലവാരത്തിലേക്ക് ഞങ്ങളിൽ പലരും എത്തിയില്ലെങ്കിലും ആരും പ്രസ്ഥാനത്തിന്റെ പുറത്തല്ല എന്നത് ഞങ്ങളെ സന്തോഷിപ്പിക്കുന്നു.

ഉപ്പയുടെ ബർസഖീജീവിതം അല്ലാഹു ഭാസുരമാക്കിക്കൊടുക്കുകയും സ്വർഗത്തിൽ കണ്ടുമുട്ടാൻ അവൻ അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ- ആമീൻ.

**കെ.എൻ മുജീബുർറഹ്മാൻ, ദോഹ**

# കാർക്കശ്യത്തിലെ സ്നേഹോഷ്മളത

**എഴുപതുകളുടെ** അവസാനത്തിൽ പൊന്നാനി ഐ.എസ്.എസ്സിൽ ജമാഅത്തെ ഇസ്‌ലാമി ഫർക്കാ സമ്മേളനം നടക്കുകയാണ്. മേഖലാ നാസിം കെ.എൻ അബ്ദുല്ല മൗലവിയാണ് അധ്യക്ഷൻ. ഈ കുറിപ്പുകാരൻ ഹൽഖാ റിപ്പോർട്ട് വായിച്ചപ്പോൾ ഒന്നു രണ്ട് പ്രാവശ്യം തപ്പിത്തടഞ്ഞു. ഉടനെ വന്നു താക്കീത്: 'ആളുകളുടെ സമയത്തിന് വിലയുണ്ട്. റിപ്പോർട്ട് മനസ്സാന്നിധ്യത്തോടെ എഴുതി വായിച്ചുനോക്കി ആകർഷണീയമായ രീതിയിൽ അവതരിപ്പിക്കണം.' പിന്നീട് എന്തെഴുതിയാലും വായിച്ചുനോക്കുന്നത് ശീലമാക്കി.

കെ.എൻ മേഖലാ നാസിമായിരിക്കെയാണ് മലപ്പുറം ഏറ്റവും നല്ല ജില്ലയും പൊന്നാനി ഏറ്റവും നല്ല ഫർക്കയുമായി കേരള ശൂറാ വിലയിരുത്തിയത്. ജില്ലയെ ഈ പദവിയിലെത്തിച്ചത് അദ്ദേഹത്തിന്റെ കണിശതയും കാര്യക്ഷമതയുമായിരുന്നു. ഫർക്കാ സമ്മേളനത്തിൽ ഒരാൾ വൈകിയാൽ അതിന്റെ പ്രയാസം അദ്ദേഹത്തിന്റെ മുഖത്ത് പ്രകടമാവും. ഖുർആൻ ക്ലാസ് കഴിഞ്ഞാൽ ഉടനെ വരും ആജ്ഞ: 'ക്ലാസ് ആരംഭിച്ചതിനു ശേഷം വന്നവരൊക്കെ എഴുന്നേറ്റുനിൽക്കുക'. കൂട്ടത്തിൽ വളരെ പ്രായമുള്ളവരുമുണ്ടാകും. ആമുഖപ്രസംഗത്തിന്റെ മധ്യത്തിലോ അവസാനത്തിലോ, നിൽക്കുന്നവരെ നയനങ്ങൾകൊണ്ടൊന്ന് തലോടി അൽപനേരത്തെ നിശ്ശബ്ദതക്കു ശേഷം കൈകൊണ്ട് ആംഗ്യം; 'ഇരിക്കാം'. ഒപ്പം ദീർഘിച്ചൊരു പുഞ്ചിരിയും. അതോടെ എല്ലാ വിഷമവും തീരുന്നു. ഒരിക്കൽ വൈകി വന്നവർ പിന്നീടൊരു പരിപാടിക്കും വൈകില്ല. നിശ്ശബ്ദമായ ഉപദേശം അത്രക്ക് മനസ്സിനെ സ്പർശിച്ചിട്ടുണ്ടാകും.

**ഒ.ടി മുഹ്‌യിദ്ദീൻ, വെളിയങ്കോട്**

## *പ്രബോധനം* റമദാൻ ക്വിസ് -4

### ശരിയുത്തരങ്ങൾ

1. വളർച്ച, ക്ഷേമാഭിവൃദ്ധി, സംസ്കരണം, വിശുദ്ധി
2. അബൂബക്ർ സ്വിദ്ദീഖ്(റ)
3. എട്ട്
4. ഫിത്വ്ർ സകാത്ത്
5. ഹനഫീ മദ്ഹബ്
6. നിർബന്ധമാണ്
7. വരുമാനത്തിന്
8. 85 ഗ്രാം
9. നിലനിൽക്കുന്ന ദാനം (صدقة جارية)
10. ഡോ. യൂസുഫുൽ ഖറദാവി

### വിജയികൾ

1. വി. മുസ്ത്വഫ
ഹിറാ മൻസിൽ
പി.ഒ. പിണങ്ങോട്
വയനാട്
2. ശബീർ ഹബീബ്
ആഇശ മൻസിൽ
നെടുംപറമ്പ്
പത്തനാപുരം
കൊല്ലം
3. എൻ.പി മുർശിദ്
ഐഡിയൽ കോളേജ്
ഉളിയിൽ
കണ്ണൂർ